(*a*) whether representations have been received from the public of Manickal Pakuthy, Nedumangad Taluk, praying for the construction of a bridge at Velavoor on the Pothencodu-Pirappancodu road ; and

(*b*) what action has been taken on them ?

Minister for Public Works **(Sri. G. Chandrasekhara Pillai) :**

(*a*) Yes.

(*b*) Estimate for the work is being prepared. The work will be placed before the Works Committee for consideration for the budget for 1952-1953.

ട്രാൻസ്ഫോർട്ട് ഡിപ്പാർട്ട്മെൻറ്

* ൪൯൫. (൯൯) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ പെൻഷൻ ഇല്ലാത്ത ഉദ്യോഗങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) മറ്റേതെങ്കിലും ഡിപ്പാർട്ട്മെൻറിൽ പെൻക്ഷൻ ഇല്ലാത്ത ഉദ്യോഗങ്ങൾ ഉണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

(എ) ഉണ്ട്. റോഡ് ട്രാൻസ്പോർട്ട് വകുപ്പിൽ ൨൫൫ ൭.

(ബി) ഉണ്ട്.

ബോണസ്സും ഓവർടൈം അലവൻസും

* ൪൯൯. (൯൪) ശ്രീ. ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ബോണസും ഓവർടൈം അലവൻസും കൂടിശ്ശിക കിടപ്പുണ്ടോ ; എത്രനാളത്തെ കൂടിശ്ശിക കിടപ്പുണ്ടെന്നു പറയാമോ; അതെന്തുകൊണ്ടാണ് ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

൧൯൫൦—൫൧ ധനകാര്യവർഷത്തെ ബോണസും ൧൯൫൦ ഒക്ടോബർ മാസം മുതൽക്കുള്ള ഓവർടൈം അലവൻസും കൊടുക്കേണ്ടതായിട്ടുണ്ട്. ൧൯൫൦—൫൧-ലെ ബാലൻസ് ഷീറ്റ് ലാഭനഷ്ട കണക്ക് ഇവ അക്കൌണ്ടൻറ് ജനറലിൻറെ പരിശോധനയ്ക്ക് വിധേയമായിരിക്കയാണ്. ഈ ഡിറ്റ് പൂർത്തിയായതിനശേഷമേ 'അറ്റ ആദായം' തിട്ടപ്പെടുത്തുന്നതിനും ബോണസ്സ് കൊടുക്കുന്നതിനും സാധിക്കുകയുള്ളൂ.

ഓവർടൈം അലവൻസിൽ ഭൂരിഭാഗവും ഉത്സവങ്ങൾ തുടങ്ങിയ ആഘോഷങ്ങൾക്ക് പ്രത്യേക സ്പ്പീസു നടത്തിയവകയിൽ കൊടുക്കേണ്ടതാണ്. ഇക്കാലങ്ങളിൽ വളരെയധികം ഉദ്യോഗസ്ഥന്മാർ സാധാരണയിൽ കൂടുതൽ സമയം ജോലിചെയ്യിട്ടുണ്ട്. അതിലേക്ക കണക്ക പ്രത്യേകം തയ്യാറാക്കി പരിശോധിച്ചുവരികയാണ്. ഓവർടൈം അലവൻസ് എത്രയും വേഗം കൊടുത്തു തീർക്കുന്നതിലേക്ക നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ധനസഹായം

* ൪൯൦. (൯൯) ശ്രീ. ആർ. അച്യുതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly